# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2969. 15.02.2013 ൽ മറുപടിക്ക്

**<u>അനദ്ധ്യാപക ജീവനക്കാരുടെ പ്രശ്നം പഠിച്ച സമിതിയുടെ റിപ്പോർട്ട്</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| ശ്രീ.സി.ദിവാകരൻ :<br>ശ്രീ.ഇ.ചന്ദ്രശേഖരൻ:<br>ശ്രീ.പി.തിലോത്തമൻ :<br>ശ്രീ.ഇ.കെ.വിജയൻ : | ശ്രീ.പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) കോളേജുകളിലേയും സർവ്വകലാശാലകളിലേയും അനദ്ധ്യാപക ജീവനക്കാരുടെ പ്രശ്നം പഠിക്കാൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിയോഗിച്ച സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;ഉണ്ടെങ്കിൽ പ്രസ്തുത സമിതിയുടെ പ്രധാന ശുപാർശകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ; | (എ) ഉണ്ട്. സമിതിയുടെ പ്രധാന ശുപാർശകൾ ചുവടെ ചേർക്കുന്നു.<br>1. അനദ്ധ്യാപക ജീവനക്കാരെ അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് എന്ന് പുനർനാമകരണം ചെയ്യുക.<br>2. കോളേജുകളിൽ നിന്ന് പ്രീഡിഗ്രി വേർപെടുത്തിയതിന് ശേഷം അനുവദിച്ചിട്ടുളള പുതിയ കോഴ്സ് -വിദ്യാർത്ഥി അനുപാതം കണക്കിലെടുത്ത് സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുക.<br>3. ക്ലറിക്കൽ തസ്തികകളുടെ അടിസ്ഥാന യോഗ്യത ബിരുദമായി നിശ്ചയിക്കുകയും അധിക കമ്പ്യൂട്ടർ പരിജ്ഞാനവും പരിഗണിച്ച് സർക്കാർ സർവ്വീസിലെ അസിസ്റ്റന്റ് തസ്തികയ്ക്ക് തുല്യമായ ശമ്പളവും സേവന വ്യവസ്ഥകളും അനുവദിക്കുക.<br>4. സർവ്വകലാശാലകളിലെ അനദ്ധ്യാപക ജീവനക്കാരുടെ |

നിയമനം പബ്ലിക് സർവ്വീസ് കമ്മീഷനെ ഏൽപ്പിക്കുക.

5. അനദ്ധ്യാപക ജീവനക്കാർക്ക് ആശ്രിത നിയമന പദ്ധതി ഏർപ്പെടുത്തുക.
6. കോളേജുകളിലെ ലൈബ്രറികളുടെ നിലവാരം ഉയർത്തുകയും ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുക.
7. നിലവിലുള്ള ജീവനക്കാർക്കും, പുതുതായി നിയമനം ലഭിക്കുന്നവർക്ക് ആദ്യ ഒരു വർഷത്തിനുള്ളിലും, ഐ.എം.ജി, അക്കാഡമിക് സ്റ്റാഫ് കോളേജുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ പരിശീലനം നൽകുക
8. സർവ്വകലാശാലകളുടെ സെനറ്റ്, കോളേജ് സ്റ്റാഫ് കൗൺസിൽ എന്നിവയിൽ പ്രാതിനിധ്യം നൽകുക.
9. ഗാർഹിക വായ്പ, കമ്പ്യൂട്ടർ വായ്പ എന്നിവ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
10. ഡേറ്റാ എൻട്രി ഓപ്പറേറ്റർ സിസ്റ്റം അനലിസ്റ്റ്,സിസ്റ്റം മാനേജർ തുടങ്ങിയ തസ്തികകൾ അനുവദിക്കുക.
11. മെഡിക്കൽ ആനുകൂല്യങ്ങൾ സ്വകാര്യ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിൽ കൂടി അനുവദിക്കുക.
12. വിദ്യാർത്ഥി പ്രവേശനത്തിനായി എല്ലാ സർവ്വകലാ ശാലകൾക്കും വേണ്ടി പൊതുവായി ഒരു സോഫ്റ്റ് വെയർ തയ്യാറാക്കുക.

| | | | |
|---|---|---|---|
| ബി) | വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന സ്വാശ്രയ കോളേജുകളിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ; | ബി) | സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ജീവനക്കാരുടെയും മാനേജ്മെന്റിന്റെയും പ്രശ്നങ്ങൾ പഠിക്കുന്നതിനുള്ള ശ്രമം ഉന്നത വിദ്യാഭ്യാസ കൗൺസിൽ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2013 ഫെബ്രുവരി 2 ന് സംസ്ഥാനത്തെ സ്വാശ്രയ ആർട്സ് & സയൻസ് കോളേജുകളുടെ മാനേജ്മെന്റ് പ്രതിനിധികളുമായി ഒരു ചർച്ച ഉന്നത വിദ്യാഭ്യാസ കൗൺസിൽ സംഘടിപ്പിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഈ മേഖലയുമായി ബന്ധപ്പെട്ട് മറ്റ് വിഭാഗങ്ങളുമായും ചർച്ചകൾ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. |
| സി) | നിലവാരം വളരെകുറഞ്ഞ രീതിയിൽ പ്രവർത്തിക്കുന്ന സ്വാശ്രയ കോളേജുകളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ? | സി) | നിലവാരം കുറഞ്ഞ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റുകളുമായി സർക്കാർ ചർച്ച നടത്തുകയും, അപാകതകൾ എത്രയും വേഗം പരിഹരിക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഒന്നാം വർഷവും രണ്ടാം വർഷവും 25 ശതമാനവും മൂന്നാം വർഷം 30 ശതമാനവും നാലാം വർഷം 35 ശതമാനവും വിജയം നേടാത്ത കോളേജുകൾ നടത്തുന്ന കോഴ്സുകൾക്ക് തുടർ അംഗീകാരം നൽകേണ്ടതില്ലെന്നും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ